(സി) റബ്ബറിന്റെ വിലയിടിവ് പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് ബഡ്ജറ്റിൽ തുക വകയിരുത്തിയില്ലെങ്കിലും അധികധന അനുമതിയിലൂടെ ലഭ്യമാക്കിക്കൊണ്ട് ചെലവഴിച്ച തുകകളുടെ വിവരം അനുബന്ധം 1-ആയി ചേർത്തിരിക്കുന്നു.*

(ഡി) റബ്ബർ ബോർഡിന്റെ കോട്ടയം വിപണിയിലെ കണക്കുപ്രകാരം ഈ സർക്കാർ അധികാരമേറ്റപ്പോഴുള്ള റബ്ബറിന്റെ വിലയും ഇപ്പോഴത്തെ വിലയും ചുവടെ ചേർക്കുന്നു :

ഇനം	വില (രൂപ കിലോഗ്രാമിന്)	
	2011 മേയ് മാസത്തെ കണക്കുപ്രകാരം	21-11-2015-ന് അവസാനിച്ച ആഴ്ചയിലെ കണക്കുപ്രകാരം
ആർ.എസ്.എസ്. 1	245.69	115.00
ആർ.എസ്.എസ്. 2	240.69	113.00
ആർ.എസ്.എസ്. 3	230.92	110.00
ആർ.എസ്.എസ്. 4	225.23	108.83
ആർ.എസ്.എസ്. 5	223.06	106.67

ചക്ക സംസ്കരണവും വിപണനവും

155 (1626) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ വർഷവും കോടിക്കണക്കിന് രൂപയുടെ ചക്ക നശിച്ചു പോകുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചക്കക്കുരുവിൽ നിന്നും വേർതിരിച്ചെടുക്കുന്ന മാംസ്യമായ ലക്ടിം ഉപയോഗിച്ച് ക്യാൻസർ സാധ്യത മുൻകൂട്ടി അറിയാമെന്നും ചക്ക ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നതിലൂടെ രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറയ്ക്കാമെന്നുമുള്ള കണ്ടെത്തലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതുസംബന്ധിച്ച കൂടുതൽ ഗവേഷണങ്ങൾക്ക് നടപടി സ്വീകരിക്കുമോ;

(ഡി) ചക്കയുടെ സംസ്കരണത്തിനും വിപണനത്തിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) ചക്ക സംഭരിച്ച് സംസ്കരിക്കുന്നതിന് പ്രോത്സാഹനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ചക്കക്കുരുവിൽ അടങ്ങിയിരിക്കുന്ന ലക്ടിം എന്ന പദാർത്ഥത്തിന് ക്യാൻസർ കോശങ്ങളെ ചെറുക്കുവാനുള്ള കഴിവുണ്ടെന്ന് കരുതപ്പെടുന്നു. എന്നാൽ ഇതുസംബന്ധിച്ച് കൃഷി വകുപ്പ് പഠനങ്ങളൊന്നുംതന്നെ നടത്തിയിട്ടില്ല.

(സി) ആവശ്യമായ സാമ്പത്തിക സഹായം ലഭിക്കുകയാണെങ്കിൽ വിവിധ വകുപ്പുകളുടെ പ്രത്യേകിച്ച് ആരോഗ്യ മേഖലയുടെ സഹകരണത്തോടുകൂടി ഗവേഷണങ്ങൾ നടത്തുന്നതാണ് എന്ന് കാർഷിക സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, ജാക്ക് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, ശാന്തിഗ്രാം എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ ചക്കയുടെ വ്യാവസായിക സംരംഭക സാധ്യതകളെക്കുറിച്ച് ഒരു ദ്വിദിന ശില്പശാല സംഘടിപ്പിച്ചു. ഇതിന്റെ തുടർച്ചയായി സതേൺ റെയിൽവേ, ജാക്ക് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, സംസ്ഥാന ഹോൾട്ടികൾച്ചർ മിഷൻ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ ഒരു മെട്രിക് ടൺ ചക്കയും ചക്കയുടെ മൂല്യവർദ്ധിത ഉത്പന്നങ്ങളും ഡൽഹിയിലേക്ക് കയറ്റി അയച്ചു.

ചക്കയിൽ നിന്നും വൈവിധ്യമാർന്ന അനവധി മൂല്യവർദ്ധിത ഉല്പന്നങ്ങൾ (ജാം, ജെല്ലി, സ്ക്വാഷ്, സിറപ്പ്, ഇടിച്ചക്ക ഉല്പന്നങ്ങൾ, നിർജ്ജലീകരിച്ച ചക്ക) കാർഷിക സർവ്വകലാശാല വികസിപ്പിച്ച് വിവിധ കേന്ദ്രങ്ങളിലായി വിപണനം ചെയ്തുവരുന്നു.

ചക്കയിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സംരംഭങ്ങൾക്ക് കെട്ടിടത്തിന്റെയും യന്ത്രോപകരണങ്ങളുടെയും ചെലവിന്റെ 25 ശതമാനം (പരമാവധി 10 ലക്ഷം രൂപ) സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം (എസ്.എഫ്.എ.സി.) ധനസഹായമായി നല്കുന്നു. 5 ലക്ഷം മുതൽ 50 ലക്ഷം രൂപ വരെ ചെലവുള്ള വായ്പാബന്ധിത പദ്ധതികളാണ് ഇതിന് പരിഗണിക്കുന്നത്. കൂടാതെ ചക്കയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളെയും സംരംഭങ്ങളെയും സംബന്ധിച്ച പരിശീലന പരിപാടികൾക്കും എസ്.എഫ്.എ.സി. ധനസഹായം നല്കുന്നുണ്ട്. സംസ്ഥാനത്ത് സംഘടിപ്പിക്കപ്പെടുന്ന പ്രധാനപ്പെട്ട എക്സിബിഷനുകളിലും വിപണന മേളകളിലും ചക്കയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും എസ്.എഫ്.എ.സി.-യുടെ പ്രദർശന സ്റ്റാളുകളിൽ സൗജന്യമായി അവസരം നല്കുന്നു.

പത്തനംതിട്ടയിലെ കാർഡ് കൃഷി വിജ്ഞാന കേന്ദ്രം പ്രവർത്തന സജ്ജമാക്കിയിട്ടുള്ള ചക്കയുടെ പ്രാഥമിക സംസ്കരണ ഉല്പന്ന നിർമ്മാണ കേന്ദ്രത്തിന്റെ പരിശീലനത്തിന്റെ അടിസ്ഥാനത്തിൽ കോന്നിയോട് ഫാർമേഴ്സ് ക്ലബ്ബും തൃശ്ശൂർ വൈറ്റിലപ്പാറ എക്സ് സർവ്വീസ് മെൻസ് കോ-ഓപ്പറേറ്റീവ് കോളനിയും സംസ്കരണ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

(ഇ) ചക്ക സംഭരിച്ച് സംസ്കരിക്കുന്നതിന് കാർഷിക സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിൽ പരിശീലനവും വിപണനം ചെയ്യുന്നതിന് എസ്.എഫ്.എ.സി. വഴി ധനസഹായവും ചക്ക സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പത്തനംതിട്ടയിലെ കാർഡ് കൃഷി വിജ്ഞാനകേന്ദ്രം വഴി പരിശീലനവും നല്കിവരുന്നു.

ആർ.കെ.വി.വൈ. പദ്ധതി-കുളങ്ങളുടെ നവീകരണം

156 (1627) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർ.കെ.വി.വൈ. പദ്ധതിയുടെ സഹസ്രസരോവർ പരിധിയിൽപ്പെടുത്തി ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിലെ ഏതെല്ലാം കുളങ്ങൾ നവീകരിക്കുന്നതിന് നാളിതുവരെ ഫണ്ട് അനുവദിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ഒറ്റപ്പാലം നിയമസഭ മണ്ഡലത്തിലെ കുളങ്ങൾ നവീകരിക്കുന്നതിന് ആർ.കെ.വി.വൈ. പദ്ധതിയിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടില്ല.

റബ്ബർ വിലയിടിവ് - സർക്കാർ സ്വീകരിച്ച നടപടികൾ

157 (T*1628) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ വിലക്കുറവുമൂലം നട്ടംതിരിയുന്ന റബ്ബർ കർഷകരെ രക്ഷിക്കാൻ എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ചെറുകിട കർഷകർക്ക് ഷീറ്റിന് 150 രൂപ വീതം ലഭിക്കത്തക്ക വിധത്തിൽ ബാങ്കുമുഖേന സബ്സിഡി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; നാളിതുവരെ എത്ര രൂപ ഇത്തരത്തിൽ സബ്സിഡിയായി സർക്കാർ വിതരണം ചെയ്തിട്ടുണ്ട്;

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly